**കേരള സർക്കാർ**

നം.26727/ഡി.ബി1/2009/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്**
തിരുവനന്തപുരം, തീയതി: 05-05-2009

**സർക്കുലർ**

വിഷയം:- ഇ.എം.എസ്.സമ്പൂർണ്ണ ഭവന പദ്ധതി - ബി.പി.എൽ. പട്ടികയിൽ ഒഴിവാക്കപ്പെട്ട അർഹരായ കുടുംബങ്ങളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തൽ- നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:-
1) 24.06.2008-ലെ സ.ഉ. (എം.എസ്) 174/2008/തസ്വഭവ നമ്പർ ഉത്തരവ്.
2) 22.11.2008-ലെ സ.ഉ. (എം.എസ്) 310/2008/തസ്വഭവ നമ്പർ ഉത്തരവ്.
3) 25.11.2008-ലെ സ.ഉ. (സാധാ) 4134/2008/തസ്വഭവ നമ്പർ ഉത്തരവ്.
4) 01.01.2009-ലെ 192/ഡി.ബി.1/2009/തസ്വഭവ നമ്പർ സർക്കുലർ.
5) 31.01.2009-ലെ സ.ഉ. (എം.എസ്)15/2009/തസ്വഭവ നമ്പർ ഉത്തരവ്

സംസ്ഥാനത്തെ പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ സമഗ്ര മാർഗ നിർദ്ദേശങ്ങൾ സൂചന നാല് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന് തുടർച്ചയായി സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ കൂടി അംഗീകരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് ആധാരമാക്കിയ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്ത ഭൂരഹിതരും ഭൂരഹിത-ഭവനരഹിതരുമായ പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്നിവരെ പ്രത്യേക പരിശോധനയിലൂടെ ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇതേ രീതിയിൽ മറ്റ് വിഭാഗങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ട അർഹരായവരെ കൂടി ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ സൂചന നാല് പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടവരുടെയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്ത പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്നിവരിൽ നിന്നും അപേക്ഷിക്കുന്ന കുടുംബങ്ങളുടെയും അർഹതാ പരിശോധന പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ മറ്റ് വിഭാഗങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടവരെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ പാടുള്ളൂ. അർഹരായവർക്ക് അപേക്ഷിക്കാൻ 15 ദിവസത്തെ സമയം നൽകാവുന്നതാണ്. ഇപ്രകാരം അപേക്ഷിക്കുന്നവരുടെ അർഹത, മുകളിൽ പ്രതിപാദിച്ച നാല് വിഭാഗങ്ങളിലെയും കുടുംബങ്ങളുടെ അർഹത നിശ്ചയിക്കുന്നതിന് സൂചന നാല് പ്രകാരം നിശ്ചയിച്ചിട്ടുള്ള അതേ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് നിശ്ചയിക്കണം. അർഹതപ്പെട്ടവർ അപേക്ഷിക്കുന്നതിനും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും ഫോറം II ഉപയോഗിക്കേണ്ടതാണ്. പ്രസ്തുത പരിശോധനാ പ്രക്രിയ പൂർത്തിയാക്കിയതിനു ശേഷം മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സമഗ്ര ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമസഭയിൽ/വാർഡ്സഭയിൽ അവതരിപ്പിക്കേണ്ടതുമാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10 പഞ്ചായത്ത് ഡയറക്ടർ
11 ഗ്രാമവികസന കമ്മീഷണർ
12 നഗരകാര്യ ഡയറക്ടർ
13 കമ്മീഷണർ ആന്റ് സെക്രട്ടറി, കേരള സംസ്ഥാന ഭവനിർമ്മാണ ബോർഡ്
14 മുഖ്യ നഗരാസൂത്രകൻ
15 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
18 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
20 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
21 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
28 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
31 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
32 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ